## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

ചോദ്യം നമ്പർ : 461 — 29.06.2016-ൽ മറുപടിയ്ക്ക്

### കോവളം-വർക്കല-പൊന്മുടി വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസ്റ്റ് ഹബ്ബ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>വകുപ്പ് മന്ത്രി) |
| (എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ വിനോദസഞ്ചാരികൾക്കായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) പൊന്മുടിയിൽ അപ്പർ സാനിട്ടോറിയത്തിൽ കഫറ്റേരിയ, റെസ്റ്റോറന്റ്, ടോയ്‌ലറ്റ്, ഇന്റർപ്രട്ടേഷൻ സെന്റർ എന്നിവ ഉൾപ്പെടുന്ന ടൂറിസ്റ്റ് അമിനിറ്റി സെന്റർ വനം വകുപ്പ് മുഖേന പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വകുപ്പിന് 15 മുറികളോടുകൂടിയ ഒരു ഗസ്റ്റ് ഹൗസ് നിലവിലുണ്ട്. 16 മുറികളോടു കൂടിയ പുതിയ ഒരു ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം നടന്നു വരുന്നു. കൂടാതെ 10 ക്വാർട്ടേഴ്സും കാന്റീൻ സൗകര്യങ്ങളും ഒരു കോൺഫറൻസ് ഹാളും കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന പ്രവർത്തിച്ചു വരുന്നു.<br>പൊന്മുടിക്കടുത്ത് കല്ലാറിൽ 4 ഗസ്റ്റ് റൂമും, ഡോർമിറ്ററിയും, റസ്റ്റോറന്റും ഉൾപ്പെടെ ഒരു ടൂറിസ്റ്റ് ക്യാമ്പിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായി. പൊന്മുടി പോകുന്ന വഴി വിതുരയിൽ സ്വരാജ് ഐലന്റ് പാർക്കിൽ കോഫീ ബാർ, ടോയ്‌ലറ്റ് ഫെസിലിറ്റി ഉൾപ്പെടെ ഒരു വഴിയോര വിശ്രമ കേന്ദ്രം പൂർത്തിയായി കഴിഞ്ഞു. ഇവ രണ്ടും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന ഉടനെ പ്രാവർത്തികമാക്കുന്നതാണ്. |

| | |
|---|---|
| (ബി) ഹിൽ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ പരിഗണിച്ച് കോവളം-വർക്കല-പൊൻമുടി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഒരു ടൂറിസ്റ്റ് ഹബ്ബ് രൂപീകരിക്കുന്നതിനും പൊൻമുടിയുടെ സമഗ്രവികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനും മുൻ കൈയെടുക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) 30 വർഷത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി പൊന്മുടിയുടെയും, കോവളത്തിന്റെയും വികസന ത്തിനായി വെവ്വേറെ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ